(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം . കെ.എസ്.എ.കെ.കെ.ഡി.പി.6/341/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഇ-മെയിൽ dokkd.ksad@kerala.gov.in

ഫോൺ 0495 2371012

തിയ്യതി 14.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കാവിലുംപാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്ത് -2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗംഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വി

വരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം . കെ.എസ്.എ.കെ.കെ.ഡി.പി.6/341/2020 തീയ്യതി 14.05.2020

**കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 19/01/2019 മുതൽ 2/03/2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമലതപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02/03/2020 മുതൽ 9/03/2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജയകുമാർ പാലോളി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.രാജീവൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ടി.പി.നസീർ, ഓഡിറ്റർ |

(ബി)**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അന്നമ്മജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | രാജശ്രീ.സി.എച്ച് | 01/04/2018 മുതൽ 4/09/2018 വരെ |
| | സുജിത്ത് .ടി.വി<br>(സെക്രട്ടറി ഇൻചാർജ്ജ്) | 5/09/2018 മുതൽ 12/09/2018 വരെ |
| | രജ്ഞലാൽ .എം.പി. | 13/09/2018 മുതൽ 31/03/2019 വരെ |

**സിനിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ജയകുമാർ.കെ.യു | 01/04/2018 മുതൽ 01/8/2018 വരെ |
| | സുജിത്ത് .ടി.വി | 06/8/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | ലെനിന.എൻ.കെ | 01/04/2018 മുതൽ 06/03/2019 വരെ |
| | പ്രമോദ്.എസ് | 06/03/2019 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സാം ജോഷ്വാ | 01/04/2018 മുതൽ 31//3/2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.വർഗ്ഗീസ് .കെ.ജെ | 01/04/18 മുതൽ 16.04.2018 വരെ |
| | ഡോ. സ്നേഹരാജ് | 18.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ: സുരേഷ് ബാബു | 01.04.2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ , (ഹോമിയോ) | ഡോ.ബിജി.യു.പി | 01.04.2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ | പ്രദീഷ്.പി. കെ | 01.04.2018 മുതൽ 31/03/2019 വരെ |
| | ബിജു. കെ. | 01.04.2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഫിലോമിന.എൻ.ജെ | 01.04.2018 മുതൽ 31/03/2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ് | 01.04.2018മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ | ബാബു.പികെ | 01.04.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) |
| 4 | 1-4 | വാർഷികകണക്കിലെ അപാകതകൾ |
| 5 | 1-5 | ആഭ്യന്തര നിയന്ത്രണം |
| 6 | 1-6 | ഫണ്ട് വിനിയോഗം - പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു |
| 7 | 1-7 | വാണിജ്യ കെട്ടിടങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നില്ല. |

| | | |
|---|---|---|
| 8 | 1-8 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. |
| 9 | 1-9 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടകക്കാരോട് ജി. എസ്.ടി. ഈടാക്കുന്നില്ല. |
| 10 | 1-10 | എസ്റ്റിമേറ്റുകൾ-വ്യാപകമായി പുതുക്കുന്നത് വഴി പദ്ധതി പൂർത്തീകരണം വൈകുന്നു. |
| 11 | 1-11 | തുമ്പൂർ മൂഴി മോഡൽ ജൈവമാലിന്യപ്ളാന്റ് -നാളിതുവരെയായും പ്ലാന്റ് പ്രവർത്തനം ആരംഭിച്ചില്ല. |
| 12 | 1-12 | ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ |
| 13 | 1-13 | കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു. |
| 14 | 1-14 | പദ്ധതി ആസൂത്രണം, നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 15 | 1-15 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച. |
| 16 | 1-16 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല. |
| 17 | 1-17 | ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം ചെറുകിട മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല. |
| 18 | 1-18 | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 19 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 20 | 4-2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 21 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 22 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 23 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 24 | 4-6 | സ്ഥിര നിക്ഷേപം |
| 25 | 4-7 | ഓഡിറ്റ് റിക്കവറി |
| 26 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 27 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്ജ് /സർചാർജ് നടപടികളുടെ വിവരം |
| 28 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 29 | 4-11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 30 | അനുബന്ധം | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തേക്കുള്ള ബജറ്റ് 6.03.2018 ലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 30.01.2019 തീയ്യതിയിലെ 1(19) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 25.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5223036 |
| വരവ് | 117323882 |
| ആകെ | 122546918 |
| ചെലവ് | 99650625 |
| നീക്കിയിരിപ്പ് | 22896293 |

## 1-4 വാർഷികകണക്കിലെ അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റ് സർട്ടിഫിക്കേഷൻ സമയത്ത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിലെ വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ട്രഷറി അക്കൗണ്ട് നമ്പർ 71704140000000 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2019 ലെ ബാങ്ക് ബുക്ക് ക്ലോസിങ് ബാലൻസ് 13610190 രൂപയാണ്. പാസ്ബുക്ക് ബാലൻസ് 18149223 രൂപയും. വ്യത്യാസമുള്ള 4539033 രൂ ‘cheques issued but not presented into bank’ എന്ന ഇനത്തിലാണ് കാണിച്ചത്. എന്നാൽ ഈ തുകയിൽ ചെക്ക് നമ്പർ 1978307197 തിയ്യതി 30.3.19 പ്രകാരമുള്ള 20897 രൂ രണ്ട് പ്രാവശ്യം ഉൾപ്പെട്ടിട്ടുണ്ട്.

5. ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ B-18 ഷെഡ്യൂൾ പ്രകാരം 'advances to implementing officers ' (ഹെഡ് നമ്പർ 460500501 )എന്ന ഇനത്തിൽ 29800 രൂ തിരികെ ലഭിക്കാനുണ്ടെങ്കിലും തൻവർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഇങ്ങനെയൊരു തുക ഇംപ്ലിമെന്റിങ് ഓഫീസർമാർക്ക് അഡ്വാൻസ് നല്കിയിട്ടില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്റർ 2017-18 വർഷത്തെ അബ്സ്ട്രാക്റ്റ് പ്രകാരം Advances to others ' എന്ന ഇനത്തിൽ തൻവർഷത്തെ ക്ലോസിങ് ബാലൻസ് 323130 രൂ ആണ്. എന്നാൽ ഇതേ രജിസ്റ്ററിൽ 2018-19 വർഷത്തെ ഈ ഇനത്തിലെ ഓപ്പണിങ് ബാലൻസ് കാണിച്ചത് 568130 രൂപയാണ് . ഇതിൽ 245000 രൂ തൻവർഷം അഡ്ജസ്റ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. എതൊക്കെ വൗച്ചറുകൾ പ്രകാരമാണ് എന്നത് രേഖപ്പെടുത്തിയിട്ടില്ല.

6. 2018-19 വർഷത്തെ Deposit Register Abstract പ്രകാരം 320800299 എന്ന ഹെഡിൽ

(Donations to flood ) എന്ന ഇനത്തിലുള്ള നീക്കിയിരിപ്പ് തുക 34547 രൂപയാണ്. എന്നാൽ തൻവർഷത്തെ B-4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലുള്ള ബാലൻസ് തുക 21047 രൂപയാണ്.

7. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 340100301 നമ്പർ ഹെഡിൽ (contractors retention) എന്ന ഇനത്തിൽ 2012-13 വർഷത്തെ 133485 രൂപയും 2013-14 വർഷത്തെ 49960 രൂപയും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ബാക്കിയുള്ളതായി കാണുന്നു. കൂടാതെ 340100101 നമ്പർ ഹെഡിൽ 'contractors EMD'എന്ന ഹെഡിൽ താഴെപ്പറയുന്ന തുകകൾ 3 വർഷം കഴിഞ്ഞിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി കാണുന്നു.

| | |
|---|---|
| 2009-10 | 20442 രൂ |
| 2010-11 | 13900 രൂ |
| 2011-12 | 9650 രൂ |
| 2012-13 | 100 രൂ |

8. B-14 ഷെഡ്യൂൾ പ്രകാരം 43322 രൂ സ്റ്റോക്ക് ഇൻ ഹാൻഡ് എന്ന ഇനത്തിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ സ്റ്റോക്കും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

9. പഞ്ചായത്തിലെ MGNREGA സെക്ഷൻ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലുള്ള ആകെ വരവ് 1274705 രൂപയും EFMS എന്ന ഇനത്തിലുള്ള ആകെ വരവ് / ചെലവ് 50104215 രൂപയും ആണ്. അതായത് MGNREGA ഇനത്തിലെ ആകെ വരവ് 51378920 രൂപ. എന്നാൽ 2018-19 വർഷത്തെ വാർഷിക കണക്കുകളിലെ I-6 സ്റ്റേറ്റുമെന്റ് പ്രകാരം ഈ ഇനത്തിലുള്ള ആകെ വരവ് 50725218 രൂപയാണ്. RP-31 സ്റ്റേറ്റുമെന്റ് പ്രകാരം ആകെ വരവ്

(അഡ്മിന്സ്ട്രേറ്റീവ് ഇനത്തിലുള്ളത്) 970705 രൂപയാണ്. അതായത് സ്ഥാപനത്തിന്റെ വാർഷികകണക്കുകൾ പ്രകാരം MGNREGA എന്ന ഇനത്തിലുള്ള തുകകളും MGNREGA സെക്ഷൻ അക്കൌണ്ടന്റ് സൂക്ഷിക്കുന്ന കണക്കുകളും ഒത്തുപോകുന്നില്ല.

10. പഞ്ചായത്തിന്റെ ബാങ്ക് പാസ് ബുക്കുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ബാങ്ക് സ്റ്റേറ്റുമെന്റുകളാണ് പരിശോധനക്ക് ലഭിച്ചത്. എന്നാൽ ഇവയൊന്നും ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയവയല്ല.

ഉദാ. കാവിലുംപാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നമ്പർ 0101110006989.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്ത്രര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ചില പോരായ്മകൾ നിലനിൽക്കുന്നുണ്ട് .വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല .

പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ, പൊതുജനാരോഗ്യ കേന്ദ്രം എന്നിവയുടെ

നടത്തിപ്പിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ആവശ്യമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആയതിനാൽ തന്നെ പ്രസ്തുത സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ചില പോരായ്മകൾ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ബഡ്സ് സ്കൂൾ നടത്തിപ്പ് സംബന്ധിച്ച പരാമർശങ്ങൾ റിപ്പോർട്ടിൽ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എച്ച്.സി ആശുപത്രിമാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓരോ സാമ്പത്തിക വർഷത്തെയും വാർഷികകണക്കുകൾ തയ്യാറാക്കി ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല.

## 1-6 ഫണ്ട് വിനിയോഗം - പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു

തൻവർഷം സ്പിൽഓവർ ഉൾപ്പെടെ 165 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 119 പ്രൊജക്ടുകളിലാണ് ചെലവുള്ളത് . 163899836 രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 83613930 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട് . വാർഷിക റിപ്പോർട്ട് പ്രകാരമുള്ള വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | ലഭിച്ച തുക | ചെലവഴിച്ചത് | ലാപ്സായ തുക | % |
|---|---|---|---|---|
| പൊതുവിഭാഗം സാധാരണഫണ്ട് | 26427000 | 25503458 | 923542 | 3.49 |
| എസ്.സി.പി. | 822000 | 817590 | 4410 | 0.54 |
| ടി.എസ്.പി. | 622000 | 471281 | 150719 | 24.23 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10224000 | 4284344 | 5939656 | 58.1 |
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 11762000 | 11424456 | 337544 | 2.87 |
| മെയിന്റനൻസ്ഗ്രാന്റ് ( നോൺ റോഡ് ) | 5302000 | 4142496 | 1159504 | 21.87 |
| ആകെ | 55159000 | 46643625 | 8515375 | 15.43 |

മേൽ കണക്കുകൾ പ്രകാരം സർക്കാർ വിവിധ ഫണ്ടുകളിലായി അനുവദിച്ച തുകയിൽ 8515375/- രൂപ ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയരുടെ പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ് മേൽ തുക ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തുന്നതിനിടയാക്കിയത്. സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തതിയ 13703200 രൂപയിൽ 4106247 രൂപമാത്രമാണ് എ.ഇക്ക് ചെലവഴിക്കാൻ കവിഞ്ഞിട്ടുള്ളൂ. ആകെ ചെലവുള്ള പദ്ധതികളിൽ 36 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ് സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാഞ്ഞ 8515375 രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്. (സ.ഉ(കൈ)നം.11/2018തസ്വഭവ തീ 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക) .സ്പിൽ ഓവർ പദ്ധതികൾക്ക് തുക ലഭ്യമല്ലാത്ത സാഹചര്യം ഉൾക്കൊണ്ട് വാർഷിക പദ്ധതികൾ ക്രമീകരിക്കാഞ്ഞതിനാലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുകമുഴുവനും

ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രൊജക്ടുകളുടെ എണ്ണം കുറച്ച് , ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-7 വാണിജ്യ കെട്ടിടങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നില്ല.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ വാണിജ്യ ആവശ്യങ്ങൾക്കായി നമ്പർ ലഭിച്ച 2222 കെട്ടിടങ്ങൾ ഉണ്ടെങ്കിലും 476 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) വളരെ കണിശമായി പ്രതിപാദിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ അനുമതിയില്ലാതെയും അതിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായും അവിടെ യാതൊരു വിധ ഫാക്ടറിയോ വർക്ക്ഷോപ്പോ പണിസ്ഥലമോ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. മതിയായ ലൈസൻസില്ലാതെ പഞ്ചായത്തിൽ വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് എടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധ വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-19 കാലയളവിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1. | സപ്ലൈകോ, തൊട്ടിൽപാലം | അടവാക്കിയിട്ടില്ല. | അടവാക്കി |
| 2. | കാവിലുംപാറ അഗ്രികൾച്ചറൽ സൊസൈറ്റി | ടി. | അടവാക്കി |
| 3. | ഐ.ഒ.സി. പെട്രോൾ പമ്പ് | ടി. | അടവാക്കിയിട്ടില്ല. |
| 4. | ബി.പി.സി. പെട്രോൾ പമ്പ് | ടി. | ടി. |
| 5. | കാവിലുംപാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് | അടവാക്കി | ടി. |

| | | | |
|---|---|---|---|
| | ബാങ്ക് | | |
| 6. | മുത്തൂറ്റ് ഫിൻ കോർപ്പ് | ടി. | ടി. |
| 7. | അഗ്രികൾച്ചറൽ വെൽഫെയർ സൊസൈറ്റി | അടവാക്കി | ടി. |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-9 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടകക്കാരിൽ നിന്നും ജി. എസ്.ടി. ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും 2018-19 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ ജി.എസ്.ടി. ഈടാക്കിയതായി കാണുന്നില്ല. വാടകക്കെട്ടിടങ്ങളിൽ നിന്നും 18% ജി.എസ്.ടി. ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 എസ്റ്റിമേറ്റുകൾ-വ്യാപകമായി പുതുക്കുന്നത് വഴി പദ്ധതി പൂർത്തീകരണം വൈകുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളിൽ ഭൂരിഭാഗവും ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള റോഡ് നിർമ്മാണ/ പുനരുദ്ധാരണ പ്രവൃത്തികളാണ്. പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഭൂരിഭാഗം എസ്റ്റിമേറ്റുകളിലും റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. പലതിലും നിലവിലുള്ള ടാർചെയ്ത റോഡിന്റെ ബാക്കി ഭാഗം, ടാർ ചെയ്ത റോഡിന് കിഴക്ക് ഭാഗം എന്നിങ്ങനെയാണ് രേഖപ്പെടുത്തി യിരിക്കുന്നത്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച 103 പൊതുമരാമത്ത് പദ്ധതികളിൽ 58 എണ്ണത്തിൽ മാത്രമാണ് ചെലവ് ഉള്ളത് .തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയരുടെ അപേക്ഷ പരിഗണിച്ച് 8/10/2018ലെ ഭരണ സമിതിയുടെ 2/1 നമ്പർ തീരുമാനപ്രകാരം 18 പൊതുമരാമത്ത് പദ്ധതികളും, 20/02/2019 ലെ 2/14 നമ്പർ തീരുമാനപ്രകാരം 25 പൊതുമരാമത്ത് പദ്ധതികളും അടങ്കലിൽ മാറ്റം വരാത്ത തരത്തിൽ റിവൈസ് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും തൻ വർഷം രൂപീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് കൃത്യമായ സ്ഥലപരിശോധനനടത്താതെയും ആവശ്യകതകൾ ഉൾക്കൊണ്ടുമല്ല എന്ന് വ്യക്തമാവുന്നു. ഇക്കാരണത്താലാണ് തൻവർഷം രൂപീകരിച്ച 103 പദ്ധതികളിൽ 45 എണ്ണത്തിൽ സമയബന്ധിതമായി പ്രവർത്തികൾ നടത്തി പണം ചെലവഴിക്കാൻ കഴിയാതെ വന്നതും അത്രയും പ്രവർത്തികൾക്കായി വകയിരുത്തിയ തുക പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയാക്കിയതും. ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഇ യുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിലും പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ വഴി ഫണ്ട് നഷ്ടപ്പെടുന്നത് സംബന്ധിച്ച് ഓഡിറ്റ് പരാമർശിച്ചിരുന്നെങ്കിലും ബന്ധപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നോ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നോ പരിഹാര ശ്രമങ്ങളൊന്നുമുണ്ടായിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11 തുമ്പൂർ മൂഴി മോഡൽ ജൈവമാലിന്യപ്ളാന്റ് -നാളിതുവരെയായും

### പ്ലാന്റ് പ്രവർത്തനം ആരംഭിച്ചില്ല.

പ്രോജക്ട് നം - 168/19

അടങ്കൽ -600000/- (300000 ധനകാര്യകമ്മീഷൻ ഗ്രാന്റ്, 300000 കേന്ദ്രഫണ്ട്)
ചെലവ് – 211920/-
നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്തിലെ ജൈവ മാലിന്യങ്ങൾ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ് രീതിയിൽ സംസ്കരിക്കുന്നതിനായി പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി മൂന്ന് ഷെഡുകളും ഓരോഷെഡിലും രണ്ട് വീതം തുമ്പൂർമൂഴി മോഡൽ ബിന്നുകളുമാണ് നിർമ്മിക്കേണ്ടിയിരുന്നത്.എം.ബുക്ക് നം 253/17-18 പ്രകാരം 511920/- രൂപ മൂല്ല്യമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചതിൽ കരാറുകാരന് 211920/- രൂപ നൽകുകയും 300000/- രൂപ ക്യൂബില്ലിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പുതിയ പഞ്ചായത്ത് ബിൽഡിംഗ് കോമ്പൗണ്ട്, ടൗൺ, പഴയ പഞ്ചായത്ത് ബിൽഡിംഗ് കോമ്പൗണ്ട് എന്നിവിടങ്ങളിലാണ് ഷെഡുകൾ നിർമ്മിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നാളിതുവരെയായും പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്ലാന്റിന്റെ നടത്തിപ്പിനായി പഞ്ചായത്ത് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഇതുകാരണം പ്ലാന്റ് നിർമ്മാണത്തിനായി ചെലവഴിച്ച തുക ഉപകരിക്കാതെ പോയി. ആയതിന് വിശദീകരണം നൽകേണ്ടതും, എത്രയും പെട്ടെന്ന് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ഇതിന്റെ നടത്തിപ്പിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് |
| പ്രോജക്ട് നം | 49/19 |
| അടങ്കൽ | 1477800 |
| ഫണ്ട് | വികസനം,തനത് |
| ചെലവ് | 1402850/- |
| ബിൽ നം. തി. | 12/19/ 26.10.2018 |

സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന മാനേജ്മെന്റ് സമിതി രൂപീകരിച്ചിട്ടില്ല.

ജി.ഒ.(എം.എസ്) നം.152/2009/തസ്വഭവ/1.8.2009 ഉത്തരവ് പ്രകാരം സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, അസി.സെക്രട്ടറി, സെക്രട്ടറി കം ട്രഷററുമായി മാനേജ്മെന്റ് സമിതി രൂപീകരിക്കേണ്ടതാണ് എന്നാൽ ഇത്തരത്തലൊരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2. ശമ്പളമിനത്തിൽ അധിക തുക ചെലവഴിക്കുന്നു

സ.ഉ.(കൈ)നം.22/2018/തസ്വഭവ/തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7.1.8 ൽ ബഡ്സ് സ്കൂളുകളിൽ നിയമിക്കപ്പെടുന്ന നിശ്ചിത യോഗ്യതയുള്ള സ്പെഷ്യൽ ടീച്ചർക്ക് 20000 രൂപ ഓണറേറിയമായി നൽകാവുന്നതാണ്. എന്നാൽ ഇവിടെ ഓണറേറിയമായി നൽകുന്നത് പ്രതിമാസം 30000 രൂപ വീതമാണ്. അതായത് സ്പെഷ്യൽ സ്കൂൾ ടീച്ചർക്ക് വർഷം ഓണറേറിയം ഇനത്തിൽ 120000/-(10000X12) രൂപ അധികം നൽകിയിട്ടുണ്ട്. സ്കൂളിൽ സ്പഷ്യൽ ടീച്ചറായി പ്രവർത്തിച്ച് വരുന്നത് ഷൈനി ബാബുവാണ്. ഇവർ സ്പെഷ്യൽ എജ്യുക്കേഷനിൽ ബി.എഡ്.നേടുകയും, റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ) റജിസ് ട്രേഷൻ പുതുക്കുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് ടീച്ചറായി ശ്രീമതി. സുമയ്യത്ത് പി.പി, ശ്രീമതി. റുമാന.ഐ. എന്നിവരാണ് പ്രവർത്തിച്ച് വരുന്നത്. ഇതിൽ റുമാന നിശ്ചിത യോഗ്യത നേടിയിട്ടില്ല. ഇവർ രണ്ടുപേരും ആർ.സി.ഐ അംഗീകാരം പുതുക്കിയിട്ടില്ല. ഇവർക്ക് ഓണറേറിയമായി നൽകാവുന്നത് പ്രതിമാസം 12000/-രൂപയാണ്. എന്നാൽ ഇവർക്കും നൽകിവരുന്നത് പ്രതിമാസം 30000/-രൂപ വീതമാണ്. ഇവർക്ക് ഓണറേറിയം ഇനത്തിൽ അധികം നൽകിയ തുക 432000/- രൂപയാണ് (18000x12 x2)

ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്,സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവർക്ക് ദിവസത്തേക്ക് 600/-രൂപ നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്. എന്നാൽ ഇവർക്ക് നൽകിയത് 1000/- രൂപ വീതമാണ്. സ്പീച്ച് തെറാപ്പിസ്റ്റ് ഷൈജാസ്, എം.എ. ഫിസിയോ തെറാപ്പിസ്റ്റ് നജീറ എന്നിവർക്ക് ഈ ഇനത്തിൽ അധികം നൽകിയത് 9600/- (400 x 12 x 2) രൂപയാണ്.

6. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല

സ്ഥാപനത്തന്റെ നടത്തിപ്പിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ ചുമതല നിർവ്വഹിച്ചതായി കാണുന്നില്ല. കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും വിവിധ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തതായി കാണുന്നുണ്ടെങ്കിലും ഇതൊന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല.

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന മാനസിക വെല്ലുവിളികൾനേരിടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ ജാഗ്രതക്കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നൽകിയ മറുപടിയിൽ (നം.7/18-19/09.3.20) സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ തി.7.2.2018 പ്രകാരമുള്ള ഉത്തരവിൽ യോഗ്യതയുള്ള ബഡ്സ് സ്കൂർ ടീച്ചർമാർക്ക് 30675/-രൂപ വീതവും,തെറാപ്പിസ്റ്റുകൾക്ക് 1000/-രൂപ വീതവും ഓണറേറിയം നൽകാമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ തുകനൽകിയതെന്നും, പിന്നീട് ഇറങ്ങിയ പദ്ധതിമാർഗ്ഗരേഖ പ്രകാരമുള്ള ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ഇത് സംബന്ധിച്ച് കൂടുതൽ പരിശോധനകൾ നടത്താതിരുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ സ.ഉ.(കൈ)നം.22/2018/തസ്വഭവ/തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയാണ് ഇത് സംബന്ധിച്ച് അവസാനം ഇറങ്ങിയ സർക്കാർ ഉത്തരവ്. ഈ ഉത്തരവനുസരിച്ച് 561600/-രൂപ ഓണറേറിയം ഇനത്തിൽ അധികം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകളിൽ ഏത് ഉത്തരവിൽ പരാമർശിക്കുന്ന തുകയാണ് ഓണറേറിയമായി അനുവദിക്കേണ്ടതെന്നത് സംബന്ധിച്ച് സർക്കാരുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥ ശ്രമിച്ചതായി കാണുന്നില്ല. പഞ്ചായത്ത് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് തുകയുടെ കാര്യത്തിൽ വ്യക്തത വരുത്തി അറിയിക്കേണ്ടതാണ്.

## 1-13 കുടുംബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സിന് ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| എസ്.സി.എ.ഫണ്ട് | 131542 |
| എസ്.ടി.ആശ്രയ | 543223 |
| എസ്.ടി.ആശ്രയ വീട് | 192964 |

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ കാലങ്ങളിൽ നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, ആശ്രയ പദ്ധതി ഗുണഭോക്താക്കളുടെ പുനരധിവാസം, ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നിയാണ് പ്രധാനമായും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത്. വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി സർക്കാർ നൽകിയ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18-19/9.3.20) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

## 1-14 പദ്ധതി ആസൂത്രണം,നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, തദ്ദേശ ഭരണ

സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ സഹായിക്കുക,പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ചുമതലകൾ. ആസൂത്രണ സമിതിയുടെ മിനട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

2. <u>സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത് എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്.

3. <u>വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.</u>

നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുക,സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക ക്രോഡീകരിക്കുക അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

4. <u>നിർവ്വഹണം സമയബന്ധിതമായി നടക്കുന്നില്ല</u>

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം.തുടർന്ന് എല്ലാ പ്രൊജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടന്നതായി കാണുന്നില്ല.

5. <u>മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല</u>

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്.

മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും,നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ ചുമതലകളിൽ ന്യൂനതകൾ വന്നതായി കാണുന്നു.

6. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും, പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളോ, പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്. ആസൂത്രണ പ്രവർത്തനങ്ങളോ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ആസൂത്രണ പ്രവർത്തനങ്ങൾ ദുർബലപ്പെടാൻ കാരണമായിത്തീരും, ആസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 58/19 |
| അടങ്കൽ | 500000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 399880/- |
| ബിൽനം / തിയ്യതി | 2/19/19.11.18 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേ ണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹന ചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഇല്ല. സ്വകാര്യ വാഹനം വാടകയ്ക്ക് എടുക്കുകയാണ് ചെയ്യുന്നത് എന്നാൽ വാഹനം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3. സ്പെഷ്യൽ ഒ.പി. നടത്തുന്നില്ല.

ഹോം കെയർ നൽകി വരുന്ന കിടപ്പിലായ രോഗികളിൽ മരുന്നുകൾ സ്ഥിരമായി കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇത്തരം രോഗികളെ പരിശോധിക്കുവാനും മരുന്ന് ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം അതാത് ആരോഗ്യ സ്ഥാപനത്തിൽ ഏർപ്പെടുത്തണം. ഇവർക്ക് മാത്രമായുള്ള സ്പെഷ്യൽ ഒ.പി. ആഴ്ചയിൽ കുറഞ്ഞത് ഒരു ദിവസം ആരോഗ്യ സ്ഥാപനങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്. സ്പെഷ്യൽ ഒ.പി ദിവസങ്ങളിൽ പാലിയേറ്റീവ് നേഴ്സിന്റെ സേവനം ഒ.പി യിൽ ഉണ്ടായിരിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-7 കാണുക) എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒ.പി സേവനം രോഗികൾക്ക് ഏർപ്പെടുത്തിയിട്ടില്ല.

4. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

(a) ഫോളോ അപ് ഹോം കെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(b) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(c) പാലിയേറ്റീവ് നഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കുടുംബ സംഗമംനടത്തിയില്ല

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്. സംഗമം ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വാർഷിക കുടുംബസംഗമങ്ങൾ പഞ്ചായത്ത് സംഘടിപ്പിച്ചിട്ടില്ല.

6. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്.ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/19/9.3.20) മറുപടി നൽകിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.

| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
|---|---|
| പ്രോജക്ട് നം. | 41/19 |
| അടങ്കൽ | 1700000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 1700000/- |
| ബിൽ നം. തി. | 1/2018-19 /18.7.2018 |

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്.സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എസ്.എസ്.എ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം ചെറുകിട മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല.

ഓഡിറ്റ് വർഷം വെറ്റിനറി സർജൻ,വി.ഇ.ഒ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി വിഭാവനം ചെയ്ത ചെറുകിട – പരമ്പരാഗത മേഖലയിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ

നടപ്പായില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട്.നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 15/19 | ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് (കുടുംബശ്രീ ഗ്രൂപ്പുകൾക്ക്) | 600000 |
| 2 | 39/19 | വനിതാ ഗ്രൂപ്പ് സംരംഭത്തിന് സബ്സിഡി | 125000 |

ഗ്രാമ പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച മേൽ പദ്ധതികൾ നടപ്പാക്കാതെ തുക ലാപ്സായി. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാസംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഈ പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഈ ചുമതല നിറവേറ്റുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-18 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്നേഹസ്പർശം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 24/19 |
| അടങ്കൽ | 300000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 300000/- |
| ബിൽ നം. തി. | 10/2018-19 /13.8.2018 |

2. ഐ.കെ.എം.ന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 1/19 |
| അടങ്കൽ | 95238 |

| | |
|---|---|
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 95238/- |
| ബിൽ നം. തി. | 6/2018-19 /28.6.2018 |

മേൽ പദ്ധതികൾക്ക് അനുവദിച്ച തുക യുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 395238/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 20.07.2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(22), തിയ്യതി: 01.08.2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 38008 | ലൈഫ്ഭവന പദ്ധതി | 21000 | 17008 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2386828 | ലൈഫ്ഭവന പദ്ധതി | 2346576.00 | 40252 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പാലിയേറ്റീവ് പദ്ധതി | 99900.00 | 100 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 700000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നംമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ സ്ഥാപിക്കൽ | ബിൽ നം-35/18-19 തീയ്യതി.11-3-19 | 175217 | 0 | 175217 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹൗസിംഗ് സ്കീം | | 23693424 | 0 | 0 | 0 | 23693424/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 8714/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1996-97 | 26 | 1014 | സജീവ് ജോർജ്ജ് ലനാർഡ് | 118030101763/27-09-18 |
| 2014-15 | 2-2 | 1200 | രഘുദാസൻ | 118005427301/22-3-19 |
| 2015-16 | 3-2 | 2000 | രഘുദാസൻ | 118030105428/22-3-19 |
| 2015-16 | 2-7(4) | 2000 | സുരേഷ് കുരാറ | 118030105431/22-3-19 |
| 2015-16 | 2-7(4) | 2500 | സോണി.വി.ജോസ് | 118030104814/20-2-19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11.12.1 (78,79)7 | വസ്ത്ര നിർമ്മാണം- വനിത കൾക്ക് തൊഴിൽ പരിശീല നം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11.12.2 (79) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതി ന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പ റ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11.1.3.19 | നികുതി കുടിശ്ശിക | - |
| 2001-02 | 3-2 | 2005-06 | 70(14-22) 70(5,6) 6(5) | നികുതി പിരിക്കുന്നതിൽ അലംഭാവം കുടിശ്ശിക വർദ്ധിക്കുന്നു. | നിലനിൽക്കുന്നു |
| 2002-03 | 2-4 | 2006-07 | 3.79.1.9.100 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണപ്പെട്ടത് | നിലനിൽക്കുന്നു |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പൊതുകിണർ | |
| 2002-03 | 3-7 | 2006-07 | 3.79.18.15.117 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | നിലനിൽക്കുന്നു |
| 2003-04 | 3-5 | 2006-07 | 3.79.1 | കുണ്ടുതോട്ഏലക്കണ്ടി-കുരുടൻ കടവ് കുടിവെള്ള പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്റ്റ് പ്രവർത്തി പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു | നിലനിൽക്കുന്നു |
| 2003-04 | 3-4(2) | 2006-07 | 3.79.18.9.116 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം-പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117323882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99650625 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 395238 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 395238 | രാജശ്രീ.സി.എച്ച്<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 1-9 കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക 1-9 കാണുക.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജശ്രീ.സി.എച്ച്,<br>സെക്രട്ടറി | സെക്രട്ടറി<br>ഉണേരി ഗ്രാമപഞ്ചായത്ത് | നിയതം ,പീറ്റക്കണ്ടി<br>കോടഞ്ചേരി .പി.ഒ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്. കെ. .കെഡിപി6/1593(8)/09തീ.27 /04/2011 | 4 | 25,26,32,33 |
| 1997-98 | എൽ.എഫ്. കെ.കെ.ഡി.പി6/1593(9)/2009 തീ.27/04/2011 | 4 | 27,31,32,42 |
| 1998-99 | എൽ.എഫ്. കെകെ.ഡി.പി6/1593(10)/2009 തീ.27/04/2011 | 5 | 28,29,36,37,40 |
| 1999-00 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013 തീ.04/06/12 | 8 | 31,32,33(1),33(2),42, 45,47,51 |
| 2000-01 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013 | 9 | - |

| | | | |
|---|---|---|---|
| | തീ.04/06/12 | | |
| 2001-02 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013<br>തീ.04/06/12 | 3 | 3-2,3-4,ഭാഗം1 ബജറ്റ് |
| 2001-02<br>(ചെലവ്) | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 11 | - |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി6 /1120(2)/2009തീ.20/05/2010 | 5 | 3-1,3-3,3-2,3-4,3-5 |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1120(3)/2009തീ.20/05/2010 | 15 | 2-3,2-4(1)(2)(3),<br>3-1,3-2,3-3(3),3-3(4),<br>3-3(5)(6)(7)(8),<br>3-3(9)(10)(11) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി 6/ 83/2011തീ.10/05/2011 | 19 | 2-1,2-7,2-8,2-10,3(1)<br>(2),3(5)<br>(1)(2),3-8,3-9,3-10,3-13,3-14,<br>3-15(എ,ബി),3-16,3-17,3-18 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1415/2011തീ.02/05/2012 | 19 | 1-1,2-1,2-2,2-5,2-6,2-10,2-11,<br>3-3,3-4,3-6,3-7,<br>3-8,3-11,3-12,3-17,3-18,4-3,<br>4-4,4-5 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 6 /1707/2012തീ.23/08/2013 | 9 | 1-3,1-4,2-1,2-6,3-2,3-3,<br>3-4,3-5,3-7 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 6 /1706(1)/2012തീ.15/10/2013 | 4 | 3-7,3-9,3-10,4-7 |
| 2010-11<br>2011-12 | എൽ.എഫ്. കെ.കെ.ഡി.പി 6 /803/2014തീ.09/03/2015 | 25 | 1-5,2-2,<br>3(1,2,3,4,5,6,7)<br>3-8(എബി)1മുതൽ 6 വരെ<br>3-9,10,11,12,13,<br>14,15,17,18,4-4,4-5 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.6/<br>1644/17തീ.28/02/18 | 9 | 2-1,2-4,3-2,3-6,3-7,3-8,<br>3-10,3-11,3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 267/2019 | 13 | 2-3,2,3,2-4,2-5,2-6,2-7,2-8,<br>2-9,3-1,3-3-1,3-4, |

| | | | |
|---|---|---|---|
| | | | 3-7,3-8,3-9 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ. കെ.കെ.ഡി.പി.6/341/2020 തീയതി 14.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-4 കാണുക) ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്